**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1191** **02-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് നിലവിലെ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളി സമൂഹത്തിലെ കുട്ടികളുടെ വിദ്യാഭ്യാസ, സാമൂഹിക, വ്യക്തിത്വ വികസനത്തിനായി ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയാണ് വിദ്യാതീരം. പദ്ധതിയുടെ ഭാഗമായി ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പ്രീ-മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും ഒറ്റത്തവണയായി ലംപ്സം ഗ്രാന്റും, പോസ്റ്റ്-മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപൻഡ്, എ.ബി.എൽ.സി (Actual Boarding & Lodging Charges), പോക്കറ്റ് മണി, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, കണ്ടിജന്റ് ഗ്രാന്റ്, ഫെല്ലോഷിപ്പ് തുടങ്ങിയ ധനസഹായങ്ങളും നൽകിവരുന്നു. കുടിശികയില്ലാതെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി നടപ്പ് സാമ്പത്തിക വർഷം പ്ലാൻ, നോൺ പ്ലാൻ, അധിക ധനാനുമതി ഉൾപ്പെടെ 75 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>തീരദേശങ്ങളിൽ നിന്ന് പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ മെഡിക്കൽ, IIT/NIT, സിവിൽ സർവീസ് എൻട്രൻസ് പരിശീലന പദ്ധതികൾ സർക്കാർ ചെലവിൽ നടപ്പിലാക്കുന്നു. നടപ്പ് വർഷം 130 വിദ്യാർത്ഥികൾക്ക് മെഡിക്കൽ എൻട്രൻസ്, 12 പേർക്ക് IIT/NIT, 12 പേർക്ക് സിവിൽ സർവീസ് പരിശീലനം നൽകുന്നു.<br><br>തീരദേശ സ്കൂളുകളിലെ ആയിരത്തോളം വിദ്യാർത്ഥികൾക്ക് ഭാവി തൊഴിൽ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനായി Career Guidance Programme സംഘടിപ്പിക്കുന്നു. മാതാപിതാക്കളെ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ സർക്കാർ ദത്തെടുത്ത് ഉന്നത വിദ്യാഭ്യാസം നൽകുന്ന ദത്തെടുക്കൽ പദ്ധതിയിൽ ഒരു വിദ്യാർത്ഥിക്ക് |

വർഷംതോറും പരമാവധി 1 ലക്ഷം രൂപ വരെ സഹായം അനുവദിക്കുന്നു.

വിദേശ പഠന ധനസഹായ പദ്ധതി, ഓഖി ദുരന്തത്തിൽ മരണമടഞ്ഞ മത്സ്യതൊഴിലാളികളുടെ മക്കൾക്കുള്ള പ്രത്യേക വിദ്യാഭ്യാസ ആനുകൂല്യ പദ്ധതിയും നടപ്പിലാക്കുന്നു. മത്സ്യതൊഴിലാളി വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനും സൗകര്യമൊരുക്കുന്നു. അതിന്റെ ഭാഗമായി 3 വിദ്യാർത്ഥികൾക്ക് ഈ സർക്കാരിന്റെ കാലത്ത് ധനസഹായം അനുവദിച്ചിട്ടുണ്ട് .

TIDE കേരളം പദ്ധതിയുടെ ഭാഗമായി ഫിഷറീസ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ മാനസികാരോഗ്യ സംരക്ഷണത്തിനും സമഗ്ര വ്യക്തിത്വ വികസനത്തിനുമായി 10 ഫിഷറീസ് സ്കൂളുകളിൽ ക്ലിനിക്കൽ സൈക്കോളജി കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. കായിക പ്രവർത്തനങ്ങളുടെ വികസനത്തിനായി ഓരോ സ്കൂളിനും ഒരു ലക്ഷം രൂപ വീതം അനുവദിച്ച് സ്പോർട്സ് കോച്ചിന്റെയും ഉപകരണങ്ങളുടെയും ലഭ്യത ഉറപ്പാക്കുന്നു.

പ്രതിഭാതീരം പദ്ധതിയിലൂടെ തീരദേശത്തെ 75 ലൈബ്രറികൾ തിരഞ്ഞെടുത്ത് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നൽകി കുട്ടികൾക്ക് ഇ-ലേണിംഗ് സൗകര്യം ഒരുക്കിയിട്ടുണ്ട്. 9 തീരദേശ ജില്ലകളിലായി പ്രവർത്തിക്കുന്ന 10 GRFTHS ഫിഷറീസ് സ്കൂളുകളിൽ 8-ാം ക്ലാസ് മുതൽ താമസിച്ച് പഠിക്കാനുള്ള സൗകര്യം ലഭ്യമാണ്. ഇവിടങ്ങളിൽ മെസ് അലവൻസ്, കെയർടേക്കർ വേതനം, യൂണിഫോം, പാഠപുസ്തകങ്ങൾ, പഠനോപകരണങ്ങൾ, താമസ സൗകര്യം, മെഡിക്കൽ കെയർ, സ്റ്റഡി ടൂർ (സൗജന്യ വിമാന യാത്ര ഉൾപ്പെടെ), ലാബ്, ലൈബ്രറി, ജിംനേഷ്യം, കലാ–കായിക–ശാസ്ത്ര മേളകളിലേക്കുള്ള പരിശീലനം എന്നിവയ്ക്ക് ഓപ്പറേഷണൽ എക്സ്പൻസ് ഘടകത്തിൽ നിശ്ചിത തുക അനുവദിക്കുന്നു.

ഫിഷറീസ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി Centre of Excellence പദ്ധതിയിലൂടെ നിർമ്മാണവും അറ്റകുറ്റപ്പണികളും നടന്നു വരുന്നു. GRFTHS സ്കൂളുകളുടെ വികസനത്തിനായി നടപ്പ് വർഷം 10.3 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ലിറ്റിൽ കൈറ്റ്സ്, JRC തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി ഗ്രേസ് മാർക്ക് ലഭ്യതയും ഉറപ്പാക്കി. GRFTHS സ്കൂളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ ആരംഭിക്കുന്നതിനും ഇംഗ്ലീഷ് അധ്യാപക

| | | | |
|---|---|---|---|
| | | | തസ്തിക സൃഷ്ടിക്കുന്നതിനുമുള്ള നടപടികളും പുരോഗമിക്കുന്നു.<br><br>ഭാവിയിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളും ജോലി സാധ്യതകളും കണ്ടെത്തുന്നതിനുള്ള തീരദേശ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് carrier guidance programme എല്ലാ വർഷവും നൽകി വരുന്നു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതുൾപ്പെടെ, മത്സ്യത്തൊഴിലാളി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ, സാമൂഹിക, തൊഴിൽ ഉന്നമനം ലക്ഷ്യമിട്ട് വിദ്യാതീരം പദ്ധതി ഫലപ്രദമായി നടപ്പിലാക്കി വരുന്നു. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി അനുവദിച്ച് വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | മത്സ്യത്തൊഴിലാളി സമൂഹത്തിലെ കുട്ടികളുടെ വിദ്യാഭ്യാസ, സാമൂഹിക, വ്യക്തിത്വ വികസനത്തിനായി ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയാണ് വിദ്യാതീരം. പദ്ധതിയുടെ ഭാഗമായി ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പ്രീ-മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും ഒറ്റത്തവണയായി ലംപ്സം ഗ്രാന്റും, പോസ്റ്റ്-മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപൻഡ്, എ.ബി.എൽ.സി (Actual Boarding & Lodging Charges), പോക്കറ്റ് മണി, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, കണ്ടിജന്റ് ഗ്രാന്റ്, ഫെല്ലോഷിപ്പ് തുടങ്ങിയ ധനസഹായങ്ങളും നൽകിവരുന്നു. കുടിശികയില്ലാതെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി നടപ്പ് സാമ്പത്തിക വർഷം പ്ലാൻ, നോൺ പ്ലാൻ, അധിക ധനാനുമതി ഉൾപ്പെടെ 75 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>തീരദേശങ്ങളിൽ നിന്ന് പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ മെഡിക്കൽ, IIT/NIT, സിവിൽ സർവീസ് എൻട്രൻസ് പരിശീലന പദ്ധതികൾ സർക്കാർ ചെലവിൽ നടപ്പിലാക്കുന്നു. നടപ്പ് വർഷം 130 വിദ്യാർത്ഥികൾക്ക് മെഡിക്കൽ എൻട്രൻസ്, 12 പേർക്ക് IIT/NIT, 12 പേർക്ക് സിവിൽ സർവീസ് പരിശീലനം നൽകുന്നു.<br><br>തീരദേശ സ്കൂളുകളിലെ ആയിരത്തോളം വിദ്യാർത്ഥികൾക്ക് ഭാവി തൊഴിൽ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനായി Career Guidance Programme സംഘടിപ്പിക്കുന്നു. മാതാപിതാക്കളെ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ സർക്കാർ ദത്തെടുത്ത് ഉന്നത വിദ്യാഭ്യാസം നൽകുന്ന ദത്തെടുക്കൽ പദ്ധതിയിൽ ഒരു വിദ്യാർത്ഥിക്ക് |

വർഷംതോറും പരമാവധി 1 ലക്ഷം രൂപ വരെ സഹായം അനുവദിക്കുന്നു.

വിദേശ പഠന ധനസഹായ പദ്ധതി, ഓഖി ദുരന്തത്തിൽ മരണമടഞ്ഞ മത്സ്യതൊഴിലാളികളുടെ മക്കൾക്കുള്ള പ്രത്യേക വിദ്യാഭ്യാസ ആനുകൂല്യ പദ്ധതിയും നടപ്പിലാക്കുന്നു. മത്സ്യതൊഴിലാളി വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനും സൗകര്യമൊരുക്കുന്നു. അതിന്റെ ഭാഗമായി 3 വിദ്യാർത്ഥികൾക്ക് ഈ സർക്കാരിന്റെ കാലത്ത് ധനസഹായം അനുവദിച്ചിട്ടുണ്ട് .

TIDE കേരളം പദ്ധതിയുടെ ഭാഗമായി ഫിഷറീസ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ മാനസികാരോഗ്യ സംരക്ഷണത്തിനും സമഗ്ര വ്യക്തിത്വ വികസനത്തിനുമായി 10 ഫിഷറീസ് സ്കൂളുകളിൽ ക്ലിനിക്കൽ സൈക്കോളജി കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. കായിക പ്രവർത്തനങ്ങളുടെ വികസനത്തിനായി ഓരോ സ്കൂളിനും ഒരു ലക്ഷം രൂപ വീതം അനുവദിച്ച് സ്പോർട്സ് കോച്ചിന്റെയും ഉപകരണങ്ങളുടെയും ലഭ്യത ഉറപ്പാക്കുന്നു.

പ്രതിഭാതീരം പദ്ധതിയിലൂടെ തീരദേശത്തെ 75 ലൈബ്രറികൾ തിരഞ്ഞെടുത്ത് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നൽകി കുട്ടികൾക്ക് ഇ-ലേണിംഗ് സൗകര്യം ഒരുക്കിയിട്ടുണ്ട്. 9 തീരദേശ ജില്ലകളിലായി പ്രവർത്തിക്കുന്ന 10 GRFTHS ഫിഷറീസ് സ്കൂളുകളിൽ 8-ാം ക്ലാസ് മുതൽ താമസിച്ചു പഠിക്കാനുള്ള സൗകര്യം ലഭ്യമാണ്. ഇവിടങ്ങളിൽ മെസ് അലവൻസ്, കെയർടേക്കർ വേതനം, യൂണിഫോം, പാഠപുസ്തകങ്ങൾ, പഠനോപകരണങ്ങൾ, താമസ സൗകര്യം, മെഡിക്കൽ കെയർ, സ്റ്റഡി ടൂർ (സൗജന്യ വിമാന യാത്ര ഉൾപ്പെടെ), ലാബ്, ലൈബ്രറി, ജിംനേഷ്യം, കലാ–കായിക–ശാസ്ത്ര മേളകളിലേക്കുള്ള പരിശീലനം എന്നിവയ്ക്ക് ഓപ്പറേഷണൽ എക്സ്പൻസ് ഘടകത്തിൽ നിശ്ചിത തുക അനുവദിക്കുന്നു.

ഫിഷറീസ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി Centre of Excellence പദ്ധതിയിലൂടെ നിർമ്മാണവും അറ്റകുറ്റപ്പണികളും നടന്നു വരുന്നു. GRFTHS സ്കൂളുകളുടെ വികസനത്തിനായി നടപ്പ് വർഷം 10.3 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ലിറ്റിൽ കൈറ്റ്സ്, JRC തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി ഗ്രേസ് മാർക്ക് ലഭ്യതയും ഉറപ്പാക്കി. GRFTHS സ്കൂളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ ആരംഭിക്കുന്നതിനും ഇംഗ്ലീഷ് അധ്യാപക

| | | | |
|---|---|---|---|
| | | | തസ്തിക സൃഷ്ടിക്കുന്നതിനുമുള്ള നടപടികളും പുരോഗമിക്കുന്നു.<br><br>ഭാവിയിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളും ജോലി സാധ്യതകളും കണ്ടെത്തുന്നതിനുള്ള തീരദേശ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചു carrier guidance programme എല്ലാ വർഷവും നൽകി വരുന്നു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതുൾപ്പെടെ, മത്സ്യത്തൊഴിലാളി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ, സാമൂഹിക, തൊഴിൽ ഉന്നമനം ലക്ഷ്യമിട്ട് വിദ്യാതീരം പദ്ധതി ഫലപ്രദമായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ